# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2003 ജനുവരി 29, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*31) മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട്

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി(പ്രൊഫ. കെ.വി.തോമസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് പോലീസിന്റെ സഹായത്തോടുകൂടി മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട്, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന നടപ്പാക്കിവരുന്നു. നിയമലംഘനം നടത്തുന്നവരെ കടലിൽ റോന്തു ചുറ്റി പിടിക്കുന്നതിനായി പോലീസിലും ഫിഷറീസ് വകുപ്പിലുംപെട്ട 42 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന വകുപ്പിന്റെ ഒരു ബോട്ടും വാടകയ്ക്കെടുത്ത അഞ്ച് സ്വകാര്യ ബോട്ടുകളും കടലിൽ റോന്തു ചുറ്റുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മുതൽ

എറണാകുളം വരെയുള്ള ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ, ജില്ലാ ഫിഷറീസ് ആഫീസുകൾ, ഫിഷറീസ് ഡയറക്ടറേറ്റ്, സംസ്ഥാനതല ഫിഷറീസ് കൺട്രോൾ റൂം എന്നിവയെ തമ്മിൽ ബന്ധിപ്പിച്ച് വയർലസ് വാർത്താവിനിമയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധനം സംബന്ധിച്ച നിയന്ത്രണങ്ങൾ ലംഘിച്ചതിന്റെ പേരിൽ 2002-ൽ ഒരു കേസെടുക്കുകയും ഒരു മത്സ്യബന്ധന തോണി, ഒരു സുസുക്കി എൻജിൻ, രണ്ടു വലകൾ, പങ്കായം എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം ആധുനികവൽക്കരിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അവർക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനുവേണ്ടി കോസ്റ്റ്ഗാർഡുമായി ധാരണയുണ്ടായിട്ടുണ്ട്. കോസ്റ്റ്ഗാർഡ് പറയുന്ന പ്രത്യേക കപ്പലായിരിക്കും ട്രെയിനിംഗിനായി ഉപയോഗിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് 65 ദിവസം നീണ്ടു നില്ക്കുന്ന സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തണമെന്ന നിർദ്ദശം വച്ചിട്ടുണ്ട്. ബോംബെ ഹൈക്കോടതി പടിഞ്ഞാറൻ കടൽത്തീരത്ത് മൺസൂൺ കാലത്ത് മത്സ്യബന്ധനം നിരോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇത് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. 2003 ഫെബ്രുവരി 3-ാം തീയതി ഡൽഹിയിൽ ചേരുന്ന സംസ്ഥാന കൃഷി-ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ ഇക്കാര്യം ഉന്നയിക്കുവാനും വിശദമായി ചർച്ച ചെയ്യുവാനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും മറ്റ് മത്സ്യബന്ധന നിയമങ്ങളുടെ പരിപാലനത്തിനുമായി പ്രത്യേക തീരദേശ സേന രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇൻഡ്യയിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന രക്ഷാപ്രവർത്തനം കേരളത്തിലാണ്. തിരുവനന്തപുരം മുതൽ കാസർകോട് വരെ ഏറ്റവും ആധുനികമായ വയർലെസ് സെറ്റ് വഴി ബന്ധപ്പെടുത്തിയിട്ടുണ്ട്. പോലീസ് വിഭാഗവും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും കോസ്റ്റ് ഗാർഡുമായി ചേർന്ന് സംയുക്തമായ രക്ഷാപ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കോസ്റ്റ് ഗാർഡും സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ട്മെന്റും തമ്മിൽ കോ-ഓർഡിനേഷനുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുള്ള വെസ്സൽസ് വളരെ പഴക്കം ചെന്നവയായതുകൊണ്ട് പ്രൈവറ്റ് ബോട്ടുകൾ വാടകയ്ക്കെടുത്താണ് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത്. മത്സ്യ ബന്ധന രംഗത്ത് അയൽ

സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സ്റ്റേറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രണ്ട് സംസ്ഥാനങ്ങളിലെ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും ചേർന്ന് ചർച്ച ചെയ്ത് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ചെയ്യുന്നത്. പുറം രാജ്യങ്ങളിൽ നിന്നുള്ളവർ വന്ന് മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുന്നത് തടയുവാൻ സംവിധാനങ്ങളുണ്ട്. ആഴക്കടൽ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. മത്സ്യ ബന്ധന നയം ഈ സമ്മേളനത്തിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുടേയും മത്സ്യത്തൊഴിലാളികളുടേയും അംഗീകാരമില്ലാതെ മത്സ്യ മേഖലയിൽ ഒരു പ്രോജക്ടും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്റുകളും കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായവും വിദഗ്ദ്ധോപദേശവും ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ് എന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*32) <u>സംസ്ഥാന വൈദ്യുതി മേഖലയിലെ വികസനത്തിനായി എ.ഡി.ബി. വായ്പ</u>

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസനുവേണ്ടി, ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) നൽകിയ മറുപടിയിൽ, സംസ്ഥാന വൈദ്യുതി മേഖലയിലെ വികസനത്തിനായി എ.ഡി.ബി. യിൽ നിന്നും വായ്പ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വൈദ്യുതി മേഖലയ്ക്കുള്ള വായ്പാ നടപടിക്രമങ്ങളുടെ ഭാഗമായി ഒരു ടെക്നിക്കൽ അസിസ്റ്റൻസ് (റ്റി.എ.) പഠനം നടന്നുവരികയാണ്. വായ്പയുടെ വിശദാംശങ്ങൾ തീരുമാനമായിട്ടില്ല. മദ്ധ്യപൂർവ സാമ്പത്തികകാര്യ ഏജൻസികളിൽ നിന്നും സംസ്ഥാന ഗവൺമെന്റ് വായ്പ വാങ്ങിയിട്ടില്ല. മദ്ധ്യപൂർവ സാമ്പത്തികകാര്യ ഏജൻസികളിൽ നിന്നുള്ള വായ്പകൾ കേന്ദ്ര സർക്കാർ മുഖേന അധിക കേന്ദ്ര സഹായത്തിന്റെ രൂപത്തിലാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. അധിക കേന്ദ്ര സഹായം സാധാരണയായി 30% ഗ്രാന്റായും 70% വായ്പയായുമാണ് നൽകുന്നത്. വിദേശ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പയ്ക്ക് കേന്ദ്ര ഗവൺമെന്റ് ഒരേ നിരക്കിലുള്ള

പലിശയാണ് ഈടാക്കുന്നത്. (നിലവിലുള്ള പ്രൈം ലെൻഡിംഗ് റേറ്റിൽ). കേന്ദ്ര സർക്കാർ വായ്പ ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കണമെന്ന് 2000 ജൂലൈ മാസത്തിൽ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി സാമ്പത്തിക സഹായം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങളുമായി ഇലക്ട്രിസിറ്റി ബോർഡും സംസ്ഥാന ഗവൺമെന്റും മുമ്പോട്ടു പോകുകയാണ്. സംസ്ഥാന വൈദ്യുതി ബോർഡിനെ സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. 1998 മുതൽ എ.ഡി.ബി. വായ്പയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ രേഖ മേശപ്പുറത്തു വയ്ക്കാനും അതിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിക്കുന്ന തീയതിയിൽ സഭയിൽ ചർച്ച ചെയ്യാനും ഗവൺമെന്റ് തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.

13 (*33) <u>നദികളും പുഴകളും സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ നദികളും പുഴകളും സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് സഭയെ അറിയിച്ചു. വ്യാവസായിക ആവശ്യത്തിനായി പെരിയാറിൽ നിന്നും ഇരുപതു കോടി ലിറ്റർ വെള്ളമെടുക്കുന്നതു സംബന്ധിച്ച് പഠനം ആരംഭിച്ചത് 1996-ലാണ്. പെരിയാറിൽ നിന്നും 200 എം.എൽ.റ്റി. വെള്ളം കൊച്ചിൻ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈയ്ക്കുവേണ്ടി എടുത്താൽ പാരിസ്ഥിതിക പ്രശ്നങ്ങളോ മറ്റ് എന്തെങ്കിലും പ്രശ്നങ്ങളോ ഉണ്ടാകും എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

14 (*37) <u>ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ കെ.എസ്.ഇ.ബി.ക്കുവേണ്ടി അവതരിപ്പിച്ച പദ്ധതികൾ</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിൽ സാങ്കേതിക-സാമ്പത്തിക സഹകരണം; ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ വിഭാഗത്തിൽ സ്വകാര്യ മേഖലയിൽ 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ; ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന ജല വൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹകരണം; ഹൈഡൽ ടൂറിസം പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം എന്നിവയാണ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ കെ.എസ്.ഇ.ബി.ക്കുവേണ്ടി അവതരിപ്പിച്ച പദ്ധതികളെന്ന് അറിയിച്ചു.

15( *49) <u>ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ആലപ്പുഴ (അർത്തുങ്കൽ, അന്ധകാരനഴി, തോട്ടപ്പള്ളി), കോഴിക്കോട്( കൊയിലാണ്ടി), കാസർകോഡ് (ചെറുവത്തൂർ, കാസർകോഡ്), തൃശ്ശൂർ (ചേറ്റുവ), കണ്ണൂർ (തലായി) എന്നീ ജില്ലകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതിക്കും സാങ്കേതിക പഠനങ്ങൾക്കും വിധേയമായി ഫിഷിംഗ് ഹാർബറുകളും കോട്ടയം (ചെമ്പ്), തൃശ്ശൂർ (കുഴിംപ്രം, എടക്കഴിയൂർ), കണ്ണൂർ ( മുഴുപ്പിലങ്ങാട്) എന്നീ ജില്ലകളിൽ ഫിഷ് ലാന്റിംഗ് സെന്ററുകളും നിർമ്മിക്കാൻ ഉദ്ദേശമുണ്ടെന്നറിയിച്ചു.

16 (*53) <u>സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സ്വകാര്യ പങ്കാളിത്ത ത്തോടെ 161.14 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നറിയിച്ചു.

17 (*55) <u>വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി, അഴുത, കുറ്റിയാർ ഡൈവർഷൻ, ശബരിഗിരി, നേര്യമംഗലം, മലമ്പുഴ, ബി.എസ്.ഇ.എസ്. മുതലായ പദ്ധതികളുടെ പണി ഉടൻതന്നെ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 794 ലക്ഷം രൂപ ചെലവിൽ 24 മില്യൻ യൂണിറ്റ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്ന വഴിക്കടവ് ഡൈവർഷൻ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

18 (*57) <u>ആദിവാസികൾക്ക് പതിച്ചു നൽകിയ ഭൂമി</u>

പിന്നോക്ക സമുദായക്ഷേമ വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, ഇതിനകം 810 ആദിവാസി കുടുംബങ്ങൾക്കായി 1740.20 ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നറിയിച്ചു.

19 (*58) <u>കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദനം</u>

വിദ്യുച്ഛക്തി വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിൽ കഞ്ചിക്കോട് വിന്റ്ഫാം, കോട്ടമല വിന്റ്ഫാം എന്നിവിടങ്ങളിൽ നിന്നായി പ്രതിമാസം ശരാശരി 2,26,700 യൂണിറ്റ് വൈദ്യുതി കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നറിയിച്ചു.

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (189) <u>വിദ്യുച്ഛക്തി ബോർഡു വാങ്ങിയ മീറ്ററുകൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം; ഇലക്ട്രിക്കൽ എനർജി എക്വിപ്മെന്റ് കമ്പനി, നോയിഡ; എലിമർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി; എലിമർ ഇലക്ട്രിക് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി; ജനസ് ഓവർസീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ജയ്പൂർ; ഡ്യൂക്ക് ആർണിക്സ് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഹൈദ്രാബാദ് എന്നീ കമ്പനികളിൽ നിന്നാണ് വിദ്യുച്ഛക്തി ബോർഡ് മീറ്ററുകൾ വാങ്ങിയിട്ടുള്ളത്.

5 (283) മൽസ്യ വികസന ഏജൻസികളുടെ പ്രവർത്തനം

സംസ്ഥാനത്ത് ശുദ്ധ/ഓരുജല മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി 14 ശുദ്ധജല മൽസ്യ കർഷക വികസന ഏജൻസികളും (എഫ്.എഫ്.ഡി.എ.) 6 ഓരുജല മൽസ്യ കർഷക വികസന ഏജൻസികളും (ബി.എഫ്.എഫ്.ഡി.എ.)ഉണ്ട്. മൽസ്യ കർഷകർക്ക് സാങ്കേതിക/സാമ്പത്തിക സഹായം, പരിശീലനം, ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള സഹായങ്ങൾ, മൽസ്യകൃഷി പ്രചരിപ്പിക്കുന്നതിനുള്ള സെമിനാറുകൾ, മുഖാമുഖം പരിപാടികൾ, പ്രദർശനങ്ങൾ എന്നിവ ഇവവഴി നടത്തുന്നു. ഈ വർഷം ഇതുവരെ 22,37,995 മൽസ്യകുഞ്ഞുങ്ങളെ ശുദ്ധജല മൽസ്യ കർഷക വികസന ഏജൻസി വഴി വിതരണം ചെയ്തു. ഓരുജല മൽസ്യ കർഷക വികസന ജൻസി വഴി 12,10,165 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

6 (284) മൽസ്യത്തൊഴിലാളി ക്ഷേമത്തിനായി ചെലവഴിച്ച തുക

മൽസ്യത്തൊഴിലാളി ക്ഷേമത്തിനായി 2001–2002–ൽ 2393.19 ലക്ഷം രൂപയും 2002–2003 (31–12–2002 വരെയുള്ള കാലയളവിൽ ) 749.66 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

7(288) മൽസ്യബന്ധനത്തിനിടയിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31–12–2002 വരെയുള്ള കാലയളവിൽ മൽസ്യ ബന്ധനത്തിനുപോയ 106 മൽസ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ അപകടത്തിൽ മരിച്ച 6 പേരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപാവീതവും അല്ലാതെ മരിച്ച 43 പേരുടെ ആശ്രിതർക്ക് 20,000 രൂപാ വീതവും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന സഹായം നൽകിയിട്ടുണ്ട്.

8 (289) മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

സംസ്ഥാനത്ത് 837 മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളുണ്ട്.

9(299) കടൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങൾ

സംസ്ഥാനത്ത് കോവളം, ശംഖുമുഖം, വർക്കല, ഫോർട്ട് കൊച്ചി, തിരുമുല്ലവാരം, മുഴുപ്പിലങ്ങാട്, കാപ്പാട്, ബേക്കൽ എന്നീ കടൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളുണ്ട്.

.................

. . . . . . . . .